(എ) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ ഓരോരുത്തരും ടി.എ., ഡി.എ., ടെലിഫോൺ ചാർജ്ജ്, ഹോസ്പിറ്റാലിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിൽ ഇതുവരെ എത്ര രൂപ വാങ്ങിയിട്ടുണ്ട്;

(ബി) നടപ്പു സാമ്പത്തികവർഷം ഓരോ മന്ത്രിമാരും ഈ ഇനത്തിൽ ഓരോന്നിലും എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ട്;

(സി) ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ തുക ചെലവാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതുമുതൽ 1999 ഡിസംബർ 1-ാം തീയതി വരെ മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ കൈപ്പറ്റിയ ടി.എ., ഡി.എ., വിമാന യാത്രക്കൂലിയിനത്തിൽ ചെലവായ തുക (വിദേശ യാത്രാചെലവ് ഒഴികെ). ഹോസ്പിറ്റാലിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിൽ താൽക്കാലിക കണക്ക് പ്രകാരം ആകെ 1,79,93,978/- രൂപ (ഒരു കോടി എഴുപത്തി ഒൻപതുലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ടു രൂപ മാത്രം) ഇതുവരെ ചെലവായിട്ടുണ്ട്. ടെലിഫോൺ ചാർജ്ജ് സംബന്ധിച്ചുള്ള വിവരവും മറ്റു ഇനങ്ങളിൽ ഓരോരുത്തർക്കും ചെലവായ തുകയെ സംബന്ധിക്കുന്ന വിവരവും ശേഖരിച്ചുവരുന്നു.

(ബി) നടപ്പു സാമ്പത്തികവർഷം ഈ ഇനത്തിൽ താൽക്കാലിക കണക്കു പ്രകാരം ആകെ 32,89,862/- രൂപ (മുപ്പത്തിരണ്ടു ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എണ്ണൂറ്റി അറുപത്തിരണ്ടു രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്. ഓരോ മന്ത്രിമാർക്കും ചെലവായ തുകയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ടി.എ., ഡി.എ., ഹോസ്പിറ്റാലിറ്റി ചാർജ്ജ് എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയതിൽ കൂടുതൽ തുക നടപ്പു സാമ്പത്തികവർഷം ചെലവാക്കിയിട്ടില്ല.

മന്ത്രിമാർക്ക് അനുവദിച്ചിട്ടുള്ള ടെലിഫോൺ സൗകര്യം

2 (2)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിമാരിൽ എത്ര പേർക്ക് മൊബൈൽ ഫോൺ, പേജർ എന്നിവ ഗവൺമെന്റിൽനിന്നും നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം മന്ത്രിമാരുടെ ഓഫീസിൽ ടെലിഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) എന്നു മുതലാണ് മന്ത്രിമാരുടെ ഓഫീസിൽ ടെലിഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആർക്കും നൽകിയിട്ടില്ല. മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സെല്ലുലാർ ഫോണുകൾ വാങ്ങുന്നതിന് 7.12.1999-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) ടെലഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിച്ചിട്ടുള്ള മന്ത്രിമാരുടെ ഓഫീസുകളുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

	സ്ഥാപിച്ച തീയതി
മുഖ്യമന്ത്രിയുടെ ഓഫീസ്	- 28.9.96
തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ ഓഫീസ്	- 13.12.96
ഗതാഗതം, വനം, ദേവസ്വം വകുപ്പ് മന്ത്രിയുടെ ഓഫീസ്	- 20.01.99
ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസ്	- 5.08.96
വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസ്	- 6.04.97
വൈദ്യുതി, സഹകരണ വകുപ്പുമന്ത്രിയുടെ ഓഫീസ്	- 25.07.96

മന്ത്രിസഭാംഗങ്ങളുടെ സൽക്കാരച്ചെലവ്

3 (3)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ സൽക്കാരച്ചെലവിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഓരോ മന്ത്രിക്കുംവേണ്ടി ഈ ഇനത്തിൽ എന്തു ചെലവു വേണ്ടിവന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.10.99 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 39,05,969/- രൂപ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മന്ത്രിസഭാംഗങ്ങളുടെ ചെലവിനങ്ങൾ

4 (4)ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ മന്ത്രിമാരുടെ ചെലവിനത്തിൽ ഓരോ സാമ്പത്തിക വർഷവും എന്തു തുക വീതം ചെലവായിട്ടുണ്ട്;

(ബി) പ്രസ്തുത കാലഘട്ടത്തിൽ മുഖ്യമന്ത്രിയുൾപ്പെടെ ഒരു മന്ത്രിക്കുവേണ്ടി ശരാശരി എന്തു തുക ചെലവായിട്ടുണ്ട്;

(സി) മുൻഗവൺമെന്റിന്റെ കാലത്ത് ഇതേ കാലയളവിലേയ്ക്ക് ഒരു മന്ത്രിക്കുവേണ്ടി ശരാശരി എന്തു തുക ചെലവായിട്ടുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ മന്ത്രിമാരുടെ ടി.എ., ഡി.എ., സൽക്കാരച്ചെലവ്, മെഡിക്കൽ റീ ഇംപേ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly